(ബി) എങ്കിൽ ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്;

(സി) പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകളാണ് ഇപ്പോൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

(ഡി) ഈ തസ്തികയിലേക്ക് നിയമിക്കുന്നതിന് വേണ്ട യോഗ്യതകൾ എന്തെല്ലാം;

(ഇ) പ്രസ്തുത തസ്തികയിൽ നിലവിൽ വർക്ക് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ ലൈൻമാൻ I, ലൈൻമാൻ II, വർക്കർ കാറ്റഗറിയിൽപ്പെട്ട എത്ര പേർ ജോലി ചെയ്യുന്നുണ്ട്;

(എഫ്) അവരിൽ എത്ര പേർ ആവശ്യമായ യോഗ്യത ഉള്ളവരാണ്;

(ജി) ഈ തസ്തികയിലേക്ക് നിയമനത്തിന് ബഹു: ഹൈക്കോടതിയുടെ എന്തെങ്കിലും വിലക്ക് നിലനിൽക്കുന്നുണ്ടോ;

(എച്ച്) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 17-3-2004-ൽ നിലവിൽ വന്നു.

(സി) 32 ഒഴിവുകൾ.

(ഡി) (1) 8-ാം ക്ലാസ് പാസ്സായിരിക്കണം.

(2) ITI ഇലക്ട്രീഷ്യനോ അല്ലെങ്കിൽ തത്തുല്ല്യ യോഗ്യതയോ നേടിയിരിക്കണം.

(ഇ) പ്രസ്തുത തസ്തികയിൽ വർക്ക് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ വിവിധ ജില്ലകളിലായി ലൈൻമാൻ I/II, വർക്കർ കാറ്റഗറിയിൽപ്പെട്ട 230 പേർ ജോലി ചെയ്യുന്നുണ്ട്.

(എഫ്) അവരിൽ 130 പേർ ആവശ്യമായ യോഗ്യത ഉള്ളവരാണ്.

(ജി) വിലക്ക് നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എച്ച്) പ്രസക്തമല്ല.

കെ.എസ്.ഇ.ബി.-യിൽ മീറ്റർ റീഡർ/സ്പോട്ട് ബില്ലർ തസ്തികയിലെ ഒഴിവുകൾ

182 [1762] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ മീറ്റർ റീഡർ/സ്പോട്ട് ബില്ലർ തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെ.എസ്.ഇ.ബി.-യിൽ മീറ്റർ റീഡർ/സ്പോട്ട് ബില്ലർ തസ്തികയിൽ നിയമന നിരോധനമുണ്ടോ;

(സി) ഈ തസ്തികയിൽ നിലവിലുള്ള പി.എസ്.സി. റാങ്ക് പട്ടികയിൽ നിന്ന് എത്ര പേരെ നിയമിച്ചു;

(ഡി) എത്ര പേർ ഇനി റാങ്ക് ലിസ്റ്റിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) മീറ്റർ റീഡർ/സ്പോട്ട് ബില്ലർ തസ്തികയിൽ ബോർഡ് ജീവനക്കാരും പി.എസ്.സി. ഹാൻഡ്സും തമ്മിൽ നിലവിലുള്ള അനുപാതം എത്രയെന്ന് വിശദമാക്കാമോ;

(എഫ്) ഈ തസ്തികയിൽ എംപ്ലോയ്മെന്റ്/ദിവസക്കൂലി അടിസ്ഥാനത്തിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട്;

(ജി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ ഇവരെ ഒഴിവാക്കി റാങ്ക് ലിസ്റ്റിലുള്ളവരെ നിയമിക്കാത്തതെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)

1.	തിരുവനന്തപുരം	..	97
2.	ആലപ്പുഴ	..	47
3.	കൊല്ലം	..	83
4.	പത്തനംതിട്ട	..	43
5.	കോട്ടയം	..	68
6.	ഇടുക്കി	..	24
7.	എറണാകുളം	..	136
8.	തൃശ്ശൂർ	..	112
9.	പാലക്കാട്	..	84
10.	മലപ്പുറം	..	121
11.	കോഴിക്കോട്	..	63
12.	വയനാട്	..	14
13.	കണ്ണൂർ	..	98
14.	കാസർഗോഡ്	..	53
	ആകെ	..	1,043

(ബി) 20-12-2001-ലെ G.O. (MS) 34/01/PD നമ്പർ ഉത്തരവ് പ്രകാരം കെ.എസ്.ഇ.ബി.-യിലെ മസ്ദൂർ തസ്തിക ഒഴികെ മറ്റ് തസ്തികകളിൽ മൂന്ന് വർഷത്തേക്ക് നിയമന നിരോധനമുണ്ട്.

(സി ആന്റ് ഡി) ആരെയും നിയമിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) നിലവിലുള്ള ചട്ടപ്രകാരം മീറ്റർ റീഡർ തസ്തികയിൽ പി.എസ്.സി. ഹാൻഡ്സും ഇൻ സർവ്വീസ് ഹാൻഡ്സും തമ്മിലുള്ള അനുപാതം 75:25 ആണ്.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി) പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവരെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

കെ.എസ്.ഇ.ബി.-യിൽ മസ്ദൂർമാരുടെ നിയമനം

183 [1783] ശ്രീ. ഷിബു ബേബിജോൺ:
„ കെ. കെ. ഷാജു:
„ ഉമേഷ് ചള്ളിയിൽ:
„ ജോണി നെല്ലൂർ:
„ എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ മസ്ദൂർ തസ്തികയിൽ ഉള്ള ഒഴിവുകൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവ നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ 14 ജില്ലകളിലും ഒഴിവുള്ള മുഴുവൻ മസ്ദൂർ തസ്തികയിലും അടിയന്തിരമായി നിയമനം നടത്തുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ)

1.	തിരുവനന്തപുരം	..	9
2.	കൊല്ലം	..	5
3.	പത്തനംതിട്ട	..	5
4.	കോട്ടയം	..	10
5.	ആലപ്പുഴ	..	11
6.	എറണാകുളം	..	69
7.	തൃശ്ശൂർ	..	ഇല്ല
8.	പാലക്കാട്	..	16
9.	മലപ്പുറം	..	5
10.	വയനാട്	..	ഇല്ല
11.	കോഴിക്കോട്	..	15
12.	കണ്ണൂർ	..	8
13.	കാസർഗോഡ്	..	3
14.	ഇടുക്കി	..	39
	ആകെ	..	195

LIBRARY ARCHIVES Kerala Legislative Assembly